(സി) 1. ഇതിലേയ്ക്കായി മുഴുവൻ ഉദ്യോഗസ്ഥർക്കും ഔദ്യോഗിക ഇ-മെയിൽ നൽകുവാനുള്ള നടപടി പൂർത്തിയായിവരുന്നു.

2. അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജന ബോധവൽക്കരണ ശ്രമങ്ങൾക്കായി എസ്.എം.എസ് സംവിധാനം ഉപയോഗിക്കുവാനുള്ള നടപടികളും എടുത്തുവരുന്നു.

അബ്ദുൾ അസീസ് എന്ന വ്യാപാരിയെ കാണാതായതായുള്ള പരാതി

202 (3713) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കുറുവങ്ങാട് പ്രദേശത്തെ അബ്ദുൾ അസീസ് എന്ന വ്യാപാരിയെ കാണാതായത് സംബന്ധിച്ച പോലീസ് അന്വേഷണം തൃപ്തികരമല്ല എന്ന നിലയിൽ ആക്ഷൻ കമ്മിറ്റിയിൽ നിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിൽ പറഞ്ഞിട്ടുള്ള സംശയാസ്പദമായ സാഹചര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) കേസിന്റെ അന്വേഷണം ഊർജ്ജിതപ്പെടുത്തി പ്രസ്തുത വ്യക്തിയുടെ തിരോധാനത്തിന്റെ ദുരൂഹത വെളിച്ചത്തുകൊണ്ടുവരാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ശ്രീ. അബ്ദുൾ അസീസ് എന്ന വ്യക്തിയെ കാണാതായത് സംബന്ധിച്ച് പാണംകണ്ടിതാഴ അബ്ദുൾ അസീസ് തിരോധാന ആക്ഷൻ കമ്മിറ്റി, സമർപ്പിച്ച പരാതി 24.11.2015 തീയതിയിൽ പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന് (ക്രൈംസ്) അന്വേഷണത്തിനും റിപ്പോർട്ടിനുമായി നൽകുകയും അതിന്മേൽ കോഴിക്കോട് CBCID HHW III യൂണിറ്റ് അന്വേഷണം നടത്തിവരികയുമാണ്.

(ബി) സംശയാസ്പദമായ സാഹചര്യങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) കേസ്സിന്മേൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്.

എഴുകോൺ പോലീസ് സ്റ്റേഷൻ

203 (3714) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ ജില്ലയിൽപ്പെടുന്ന എഴുകോൺ പോലീസ് സ്റ്റേഷൻ എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി അനുവദിച്ചു ഉത്തരവായതെന്നാണ്;

(സി) പ്രസ്തുത സ്റ്റേഷന് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൊട്ടാരക്കര എം.എൽ.എ. നൽകിയ കത്ത് ബഹു. ആഭ്യന്തര മന്ത്രിയുടെ ശിപാർശ സഹിതം പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ അധികാരികൾക്ക് ലഭിച്ചത് എന്നാണ്;

(ഡി) പ്രസ്തുത കെട്ടിടനിർമ്മാണത്തിനായി സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതിയും വിശദമാക്കുമോ ?

ഉത്തരം

(എ) എഴുകോൺ പോലീസ് സ്റ്റേഷൻ 1-8-1988 മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) സർക്കാർ ഉത്തരവ് (സാധാ)238/2014/റവന്യൂ തീയതി 4-6-2014 പ്രകാരമാണ് ടി പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി അനുവദിച്ചത്.

(സി) ബഹുമാനപ്പെട്ട കൊട്ടാരക്കര എം.എൽ.എ യുടെ കത്ത് 27-6-2014-ൽ കെ.പി.എച്ച്.സി.സി.-ക്ക് ലഭിച്ചു.

(ഡി) MoPF 2014-15 (സെൻട്രൽ ഷെയർ)-ൽ ഉൾപ്പെടുത്തി 49 ലക്ഷം രൂപ ചെലവിൽ കൊല്ലം റൂറൽ ജില്ലയിലെ എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനായുള്ള തുക കെ.പി.എസ്.സി.സി.-ക്ക് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ഭീകരവാദി സംഘടനകളുടെ സാന്നിദ്ധ്യം

204 (3715) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഭീകരവാദി സംഘടനകളുടെ സാന്നിദ്ധ്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഏതൊക്കെ സംഘടനകൾ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഘടനകളുടെ രാജ്യവിരുദ്ധ പ്രവർത്തനം തടയുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത സംഘടനകൾക്ക് അനധികൃതമായി പണവും, മയക്കുമരുന്നും, ആയുധങ്ങളും ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly